കുറ്റിപ്പുഴ ക്രൈസ്റ്റ് രാജ് ഹൈസ്കൂളിലെ മലയാള മനോരമ നല്ല പാഠം യൂണിറ്റ് അത്താണി-മാഞ്ഞാലി-പറവൂർ റൂട്ടിലെ സ്വകാര്യ ബസ് ജീവനക്കാരെ ആദരിച്ചപ്പോൾ.

സ്വകാര്യ ബസ് ജീവനക്കാരെ ആദരിച്ച് 'നല്ല പാഠം'

നെടുമ്പാശേരി ● കുറ്റിപ്പുഴ ക്രൈസ്റ്റ് രാജ് ഹൈസ്കൂളിലെ മനോരമ നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ അത്താണി-മാഞ്ഞാലി-പറവൂർ റൂട്ടിലെ സ്വകാര്യ ബസ് ജീവനക്കാരെ ആദരിച്ചു.

സ്കൂളിനു മുന്നിൽ വിദ്യാർഥികൾക്കു മാത്രമായി സ്റ്റോപ്പ് അനുവദിക്കുകയും എത്ര തിരക്കുണ്ടായാലും ബസുകൾ കൃത്യമായി നിർത്തി എല്ലാ കുട്ടികളെയും ഉത്തരവാദിത്വത്തോടെ ബസിൽ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിന്റെ നന്ദി സൂചകമായാണ് സ്കൂൾ മാനേജ്മെന്റ്, പിടിഎ, സ്റ്റാഫ് എന്നിവർ ചേർന്ന് ഇവരെ ആദരിച്ചത്. പൊതുവേ വീതി കുറഞ്ഞ ഈ റോഡ് തിരക്കേറിയതാണ്. വിദ്യാർഥികൾ വളരെ കഷ്ടപ്പെട്ടാണ് മുൻ

പ് ബസുകളിൽ കയറിയിരുന്നത്. ഇതിനു പുറമെ ദിവസവും അധ്യാപകരും ബസ് സ്റ്റോപ്പുകളിൽ എത്തി ബസിൽ കയറുന്നതിന് കുട്ടികളെ ക്രമമായി നിർത്തുകയും റോഡ്കുറുകെ കടക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നുണ്ട്. ഇത് അപകടങ്ങൾ ഒഴിവാക്കുന്നതിന് പുറമെ റോഡ് നിയമങ്ങൾ പാലിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന ഇ ടിക്കറ്റ് സംവിധാനത്തിന്റെ ട്രയൽ റൺ നെടുമ്പാശേരി സുവർണോദ്യാനത്തിൽ സോഷ്യൽ ഫോറസ്ട്രി റീജൻ കൺസർവേറ്റർ എം.ഇന്ദു വിജയൻ പരിശോധിക്കുന്നു. ഡെൽറ്റോ എൽ.മാറോക്കി, ടി.എം.റഷീദ് തുടങ്ങിയവർ സമീപം.

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇ ടിക്കറ്റ്

നെടുമ്പാശേരി ● വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇനി ഇ ടിക്കറ്റ് സംവിധാനം. സഞ്ചാരികൾക്ക് സമയ നഷ്ടമില്ലാതെ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് ടിക്കറ്റെടുക്കാം. അഭയാരണ്യം വനം വികസന ഏജൻസിയുടെ കീഴിലുള്ള 4 ഇക്കോ ടൂറിസം കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. നെടുമ്പാശേരി വിമാനത്താവളത്തിന് അടുത്തുള്ള സുവർണോദ്യാനം ബയോളജിക്കൽ പാർക്കിലും കൊച്ചിയിലെ മംഗള വനം പക്ഷി സങ്കേതത്തിലും പദ്ധതിയുടെ ട്രയൽ റൺ ആരംഭിച്ചു. ഏജൻസിയുടെ കീഴിലുള്ള മറ്റ് ഇക്കോ ടൂറിസം കേന്ദ്രങ്ങളായ അഭയാരണ്യത്തിലും പാണംകുഴിയിലും അടുത്ത ദിവസങ്ങളിൽ സംവിധാനം ലഭ്യമാകും. നെടുമ്പാശേരിയിൽ നടന്ന ട്രയൽ റണ്ണിന് സോഷ്യൽ ഫോറസ്ട്രി റീജൻ കൺസർവേറ്റർ എം. ഇന്ദു വിജയൻ നേതൃത്വം നൽകി. പ്രകൃതി പഠന കേന്ദ്രം കാലടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഡെൽറ്റോ എൽ.മാറോക്കി, കോടനാട് റിസർച് റെയ്ഞ്ച് ഫോറസ്റ്റ് ഓഫിസർ ടി.എം.റഷീദ് തുടങ്ങിയവർ പങ്കെടുത്തു.

സിസിആർസി:

ജീവനക്കാരുടെ നിയമനത്തിൽ സർക്കാരിനു മൗനം

▸▸ 100 കിടക്കകളുള്ള ആശുപത്രിക്കു വേണ്ട 370 തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടു റിപ്പോർട്ട് നൽകിയത് ഫെബ്രുവരിയിൽ

കൊച്ചി ● ഉദ്ഘാടനം നടക്കാനിരിക്കുമ്പോഴും കളമശേരിയിലെ കൊച്ചിൻ കാൻസർ ആൻഡ് റിസർച് സെന്ററിൽ (സിസിആർസി) ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാതെ സർക്കാർ. 370 കിടക്കകളുള്ള ആശുപത്രിക്കായി 1200 തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടു സിസിആർസി അധികൃതർ സംസ്ഥാന സർക്കാരിനു റിപ്പോർട്ട് നൽകിയിട്ട് 2 വർഷം കഴിഞ്ഞു. നിലവിലെ സാഹചര്യത്തിൽ ഇത്രത്തോളം കിടക്കകൾ ആവശ്യമില്ലെന്നും കിടക്കകളുടെ എണ്ണം 100 ആക്കി കുറച്ചു വീണ്ടും റിപ്പോർട്ട് നൽകാനും ആരോഗ്യവകുപ്പ് നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 100 കിടക്കകളുള്ള ആശുപത്രിക്കു വേണ്ട 370 തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടു ഫെബ്രുവരിയിൽ സിസിആർസി അധികൃതർ പുതിയ റിപ്പോർട്ട് നൽകി.

എന്നിട്ടും ഇതുവരെയും തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. സിസിആർസിയുടെ പുതിയ കെട്ടിടത്തിന്റെ നിർമാണം ഏകദേശം പൂർത്തിയായി കഴിഞ്ഞു. വൈകാതെ ഉദ്ഘാടനം നടക്കും. പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ തന്നെ പിഎസ്സി വഴിയുള്ള നിയമനങ്ങൾ നടക്കാൻ കാലതാമസമെടുക്കും. ഈ സാഹചര്യത്തിൽ വൻതോതിൽ പിൻവാതിൽ നിയമനത്തിന് അവസരമൊരുക്കാനാണു നീക്കമെന്ന് ആക്ഷേപമുണ്ട്. നിലവിൽ ഗവ മെഡിക്കൽ കോളജിലെ കെട്ടിടത്തിലാണു സിസിആർസി പ്രവർത്തിക്കുന്നത്. ഇവിടെ 20 കിടക്കകൾ മാത്രമാണുള്ളത്. 13 ഡോക്ടർമാർ ഉൾപ്പെടെ 81 ജീവനക്കാരുണ്ട്.

സിസിആർസിക്കു വേണ്ടി നിർമിച്ച പുതിയ 8 നില കെട്ടിടത്തിൽ സ്കാനിങ് ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ ഇതിനകം സജ്ജമാക്കിയിട്ടുണ്ട്. പക്ഷേ, ഇതെല്ലാം പ്രവർത്തിപ്പിക്കേണ്ട ജീവനക്കാരുടെയും രോഗികളെ ചികിത്സിക്കേണ്ട ഡോക്ടർമാരുടെയും നിയമന കാര്യത്തിൽ മാത്രം ആരോഗ്യവകുപ്പ് മൗനം തുടരുന്നു.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ 'പുണ്യം' അർബുദ ചികിത്സാ സഹായ പദ്ധതിയുടെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിക്കുന്നു.

'പുണ്യം' അർബുദ ചികിത്സാ സഹായ പദ്ധതിക്ക് തുടക്കം

കോലഞ്ചേരി ● സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ 'പുണ്യം' അർബുദ ചികിത്സാ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം നിർവഹിച്ചു. പള്ളി വികാരിയായിരുന്ന ഫാ. ഒ.ഐ. പൗലോസ് ഓടോളിലിന്റെ സ്മരണാർഥമാണ് പദ്ധതി നടപ്പാക്കുന്നത്. വികാരി ഫാ. ജേക്കബ് കുര്യൻ അധ്യക്ഷത വഹിച്ചു. ഫാ. ഗീവർഗീസ് അലക്സ്, ഫാ. കുര്യാക്കോസ് അലക്സ്, ഫാ. ജോർജ് ഏബ്രഹാം, ഫാ ജിത്തു മാത്യു, ഫാ. എൽദോസ് മത്തായി, ഫാ. ബിനോയ്, പ്രോഗ്രാം കോഓർഡിനേറ്റർ കുഞ്ഞുമോൻ തോമസ്, ട്രസ്റ്റിമാരായ പി.യു. ജോയി, എൻ.പി. ബെന്നി, സെക്രട്ടറി എം.ജെ. ജയിംസ്, കുടുംബ യൂണിറ്റ് കോഓർഡിനേറ്റർ ദീപു ജോർജ്, ഒ.പി. ബേബി, എൻ.യു. സ്ലീബ എന്നിവർ പ്രസംഗിച്ചു.

സംസ്കൃത സർവകലാശാല : നാളെ ചർച്ച

കാലടി ● ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ലഹരി മുക്തമാക്കുന്നതിനും വിദ്യാർഥികളല്ലാത്തവർ ക്യാംപസിലേക്ക് പ്രവേശിക്കുന്നതും ഹോസ്റ്റലുകളിലെ അനധികൃത താമസം തടയുന്നതിനും സർവകലാശാല പുറത്തിറക്കിയ സർക്കുലറുമായി ബന്ധപ്പെട്ട് സർവകലാശാല യൂണിയൻ ഭാരവാഹികളുമായും വിദ്യാർഥി സംഘടന പ്രതിനിധികളുമായും നാളെ 9.30 നു ചർച്ച നടത്തുമെന്ന് സർവകലാശാല അധികൃതർ അറിയിച്ചു. നാളെ 11നു സിൻഡിക്കറ്റ് യോഗവും ചേരുന്നുണ്ട്. സർക്കുലറിനെതിരെ എസ്എഫ്ഐയുടെ നേതൃത്വത്തിൽ ഒരു വിഭാഗം വിദ്യാർഥികൾ സമര രംഗത്താണ്. നിയമം ലംഘിച്ച് സമരം നടത്തിയതിനെതിരെ 37 വിദ്യാർഥികൾക്ക് സർവകലാശാല കാരണം കാണിക്കൽ നോട്ടിസ് നൽകിയിട്ടുണ്ട്.

നഗരസഭാ ഡപ്യൂട്ടി സെക്രട്ടറിയെ ഉപരോധിച്ചു

പെരുമ്പാവൂർ ● വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു എൽഡിഎഫ് കൗൺസിലർമാർ നഗരസഭാ ഡപ്യൂട്ടി സെക്രട്ടറിയെ ഉപരോധിച്ചു. നഗരസഭ ഓഫിസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്കു കൃത്യമായ സേവനം ലഭിക്കുന്നില്ല, ട്രാഫിക് അഡൈസറി കമ്മിറ്റി യോഗം ചേർന്നു മാസങ്ങൾ കഴിഞ്ഞിട്ടും നഗരത്തിലെ ഗതാഗതക്കുരുക്കു പരിഹരിക്കാൻ നടപടിയില്ല,

താലൂക്ക് ആശുപത്രിയിലെ പുതിയ ഒപി ബ്ലോക്ക് തുറന്നു നൽകുക, വീടുകളിലെ മാലിന്യം സംസ്കരിക്കാൻ റിങ് കംപോസ്റ്റുകൾ, ബയോബിൻ പദ്ധതി നടപ്പാക്കുക, വീടുകളുടെയും കെട്ടിടങ്ങളുടെയും നമ്പറിടുന്നത് ഉൾപ്പടെയുള്ളവയിൽ കാലതാമസം ഒഴിവാക്കുക, ഹൈ മാസ്റ്റ്, മിനി മാസ്റ്റ് വിളക്കുകൾ തെളിയിക്കുക, കൃത്യമായ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ ഇഎംഎസ് ടൗൺ തകർന്നു തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ഉപരോധം. കൗൺസിലർമാരായ സതി ജയകൃഷ്ണൻ, പി.എസ്. അഭിലാഷ്, സി.കെ.രൂപേഷ്കുമാർ, ജോൺ ജേക്കബ്, ലത സുകുമാരൻ, പി.എ.സിറാജ്, കെ. ബി.നൗഷാദ്, ലിസ ഐസക് എന്നിവർ പ്രസംഗിച്ചു.

കുസാറ്റിൽ ദേശീയ സൈബർ സുരക്ഷാ സമ്മേളനം സിറ്റി പൊലീസ് കമ്മിഷണർ പൂട്ട വിമലാദിത്യ ഉദ്ഘാടനം ചെയ്യുന്നു. ഡോ.പ്രിൻസ് ജോസഫ്, ഡോ.ഇ.ഖാലിയരാജ്, ഡോ.എം.ജുനൈദ് ബുഷിരി എന്നിവർ സമീപം.

ദേശീയ സൈബർ സുരക്ഷ: കുസാറ്റിൽ സമ്മേളനം നടത്തി

കൊച്ചി ● കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും നാഷനൽ സൈബർ സെക്യൂരിറ്റി റിസർച് കൗൺസിലും (എൻസിഎസ്ആർസി) സംയുക്തമായി സംഘടിപ്പിച്ച 'സൈബർ ഇന്ത്യ 2030: ഇന്നവേഷൻ, ഡിഫൻസ് ആൻഡ് ട്രസ്റ്റ് അറ്റ് സ്കെയിൽ 'എന്ന വിഷയത്തിലുള്ള ദേശീയ സൈബർ സുരക്ഷാ സമ്മേളനം സിറ്റി പൊലീസ് കമ്മിഷണർ പൂട്ട വിമലാദിത്യ ഉദ്ഘാടനം ചെയ്തു. കുസാറ്റ് വൈസ്ചാൻസലർ ഡോ.എം.ജുനൈദ് ബുഷിരി. എൻസിഎസ്ആർസി ഡയറക്ടർ ഡോ.ഇ.ഖാലിയരാജ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഡോ.പ്രിൻസ് ജോസഫ്, സംഗീത് കെ.മോഹൻ എന്നിവർ പ്രസംഗിച്ചു.

രാജ്യാന്തര, ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധർ സൈബർ ഭീഷണികളും പ്രതിരോധമാർഗങ്ങളും സംബന്ധിച്ച് വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തി.

മാലിന്യം നീക്കം ചെയ്യാത്തതിൽ പ്രതിഷേധം

പെരുമ്പാവൂർ ● വെങ്ങോല പഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്നു കൊണ്ടു വന്ന് പഴയ പഞ്ചായത്ത് കെട്ടിടത്തിൽ ശേഖരിച്ചിരിക്കുന്ന മാലിന്യം നീക്കം ചെയ്യാത്തതിൽ പ്രതിഷേധം. എൽഡിഎഫ് അംഗങ്ങൾ കലക്ടർക്കു പരാതി നൽകി.ഒരു മാസമായി മാലിന്യ നീക്കം നിലച്ചിരിക്കുകയാണെന്നു പരാതിയിൽ പറയുന്നു.

കരാർ അവസാനിച്ചിട്ടും കരാർ പുതുക്കുന്നതിനോ പുതിയ ടെൻഡർ വിളിക്കുന്നതിനോ പഞ്ചായത്ത് തയാറായില്ല.ഹരിത കർമ സേനാംഗങ്ങളുടെ ഭർത്താക്കൻമാർ പ്ലാസ്റ്റിക് കൊണ്ട് പോയി ആക്രി കച്ചവടം നടത്തുകയാണെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം കമ്മിറ്റിയിൽ ബഹളത്തിനിടയാക്കി. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിലാണ് മാലിന്യം നിറച്ചിരിക്കുന്നത്. അപകടഭീഷണിയിലാണ് ഹരിത കർമ സേനാംഗങ്ങൾ ജോലി ചെയ്യുന്നത്.

ഇവിടെ പ്രവർത്തിച്ചിരുന്ന കെഎസ്ഇബി, കെട്ടിടത്തിന്റെ മോശം അവസ്ഥ മൂലം മാറ്റിയിരുന്നു. പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തി എംസിഎഫ് നിർമിക്കാൻ യുഡിഎഫ് ഭരണ സമിതിക്ക് കഴിഞ്ഞിട്ടില്ലെന്ന് എൽഡിഎഫ് അംഗങ്ങൾ കുറ്റപ്പെടുത്തി.

സിപിഎം നേതാക്കളായ പി.എം. സലീം, സി.വി.ഐസക് വാർഡ് അംഗങ്ങളായ ബേസിൽ കുര്യാക്കോസ്, കെ.ഇ. കുഞ്ഞുമുഹമ്മദ്, എ.എം. സുബൈർ, അബ്ദുൽ ജലാൽ, ബിബിൻ ഷാ യൂസഫ് എന്നിവർ സ്ഥലത്തെത്തി പരിശോധന നടത്തി സ്ഥിതിഗതികൾ സെക്രട്ടറിയെ അറിയിച്ചു.

ഒരു കമ്പനി വാങ്ങുന്നതിന് പൊതുവായി "ഇഒഐ" ക്ഷണിക്കുന്നു

എജെആർ ഇൻഫ്ര ആൻഡ് ടോളിംഗ് ലിമിറ്റഡ് (എജെആർഇടിഎൽ)–ന് വേണ്ടി അവരുടെ ഒരു നോൺ–ഓപ്പറേഷണൽ സബ്സിഡിയറി–കൊച്ചിൻ ബ്രിഡ്ജ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, ഐഎൻആർ 19.17 കോടി, അതോടൊപ്പം ബാധകമായ പലിശയ്ക്കും ആർബിട്രേഷൻ അവാർഡ് ഉള്ളത് വിൽക്കുന്നതിന് പൊതുജനങ്ങളെ ഇതിനാൽ ക്ഷണിക്കുന്നു.

ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ രൂ.15,000 + ജിഎസ്ടി ആയി മടക്കിക്കിട്ടാത്ത തുകയടച്ചതിന് ബന്ധപ്പെട്ട രേഖകൾ തൽപരരായ കക്ഷികൾക്ക് നൽകുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഇമെയിൽ ഐഡിയിൽ ഈ ക്ഷണം പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം അടച്ചാൽ ആയതിന്റെ വിവരങ്ങൾ പോസ്റ്റ് എക്സ്പ്രഷൻ ഓഫ് ഇന്റസ്റ്റ് ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളെ ബന്ധപ്പെടുക:

മെസ്സേഴ്സ് സിദ്ധാർത്ഥ് എം. ഷാ & കോ, – ചാർട്ടേഡ് അക്കൗണ്ടന്റ്സ്, സ്കൈലോൺ സ്പേസസ്, ഹെമു കലാനി ക്രോസ് റോഡ് 4, കാണ്ടിവലി വെസ്റ്റ്, മുംബൈ 400067

ഇമെയിൽ ഐഡി: sid3336@gmail.com

(ഈ പൊതുക്ഷണത്തിന്റെ അവസാന തീയതി അറിയിപ് കൂടാതെ മാറ്റുന്നതിന് ഞങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്)

ദക്ഷിണ റെയിൽവേ

ഇ–ടെൻഡർ നോട്ടീസ് നമ്പർ: J–SG–OT–04–2025–565492, തീയതി: 02.07.2025

താഴെ പറയുന്ന പ്രവൃത്തികൾക്ക് സീനിയർ ഡിവിഷണൽ സിഗ്നൽ & ടെലികമ്യൂണിക്കേഷൻ എൻജിനീയർ, സതേൺ റെയിൽവേ, പാലക്കാട്–678002, "ഓൺലൈൻ" വഴി ഓപ്പൺ ടെൻഡറുകൾ ക്ഷണിക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്				
1	പാലക്കാട് ഡിവിഷനിൽ എഡിഎസ്ടിഇ/സിഎൽടി & ഡിഎസ്ടിഇ / എംഎകയു സെക്ഷന്റെ അധികാരപരിധിയിൽ ഇലക്ട്രോണിക്–ട്രെയിൻ–സിഗ്നൽ (ഇ–ടിഎസ്ആർ) ഏർപ്പെടുത്തൽ				
പ്രവൃത്തി അടങ്കൽ തുക (രൂ)	ബിഡ് സെക്യൂരിറ്റി (രൂ)	ദർഘാസ് പ്രമാണ വില (രൂ) (വിൽപന നികുതി സഹിതം)	വാലിഡിറ്റി ഓഫർ	പൂർത്തീകരണ കാലം	തുറക്കുന്ന തീയതിയും സമയവും
29404005.10	297000/-	ഇല്ല	60 ദിവസം	6 മാസം	25.07.2025 15.00 മണിക്കു ശേഷം.

നിബന്ധനകളും വ്യവസ്ഥകളും അതോടൊപ്പം വിശദമായ ദർഘാസ് അറിയിപ്പും **http://www.ireps.gov.in** –വെബ്സൈറ്റിൽ കാണാം.

സീനി. ഡിവിഷണൽ സിഗ്നൽ & ടെലികമ്യൂണിക്കേഷൻ എൻജിനീയർ, സതേൺ റെയിൽവേ, പാലക്കാട്–678002, (ഇന്ത്യൻ പ്രസിഡന്റിനു വേണ്ടി)

അടുക്കളത്തോട്ടം ഉഷാക്കാം

ഓണക്കൃഷിയിൽ തുടങ്ങാം

ജൂലൈ മുതൽ 8 ലക്ഷങ്ങൾക്കൊപ്പം 4 ഇനം പച്ചക്കറികളുടെ വിത്തുപായ്ക്കറ്റ്

സൗജന്യം

ജൂലൈ ലക്കത്തോടൊപ്പം വെണ്ട, വെള്ളരി, വള്ളിപ്പയർ, ചീര വിത്തുകൾ

വില : ₹ 20 മാത്രം

കോപ്പികൾക്ക് വിളിക്കൂ
9288021091
പ്രവൃത്തിദിവസങ്ങളിൽ 9.30 am മുതൽ 5.00 pm വരെ

മലയാള മനോരമ കർഷകശ്രീ

വരിക്കാരാകാൻ ആഗ്രഹിക്കുന്നവർ സൗജന്യ സാംപിൾ കോപ്പിക്കായും ഈ നമ്പറിൽ വിളിക്കുക

മലയാള മനോരമ

DISCLAIMER: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ മലയാള മനോരമ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ / സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശ വാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ / കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർ/മാർ, തൊഴിലാളികൾ ഉത്തരവാദികളോ / ബാദ്ധ്യസ്ഥരോ ആയിരിക്കുന്നതല്ല. ഗവൺമെന്റ് ഫോംസ്, ചാർട്ട് റൂം, ബിസിനസ്സ് വിജയഗാഥ, വിജയ സ്പർശം,വിജയ വഴി, മാർക്കറ്റിങ് ഫീച്ചറുകൾ തുടങ്ങിയവ പരസ്യങ്ങളാണ്.

സ്പോട്ട് അഡ്മിഷൻ

എറണാകുളം ജില്ലയിലെ ജയ്ഭാരത് ആർട്സ് ആന്റ് സയൻസ് കോളേജിലെ വിവിധ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. ബി. എസ് സി ഹോണേർസ് (കമ്പ്യൂട്ടർ സയൻസ്, സൈബർ ഫോറൻസിക്, ഇലട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ടെക്നോളജി), ബികോം ഹോണേർസ്, ബിസിഎ ഹോണേർസ്, BSW, MSW ഹോണേർസ്, എം ബി എ (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്, Dual Specialisation) എന്നീ കോഴ്സുകളിലെ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ **2025 ജൂലൈ 7,8,9** തീയതികളിൽ കോളേജിൽ വെച്ച് നടത്തപ്പെടുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ ഒറിജിനൽ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ നേരിട്ട് വന്നു അഡ്മിഷൻ എടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

75599 99197, 97446 56669

പരസ്യം

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)

തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം – 14

(ടെലി : 0471-2945600, 2945646)

e-mail : hr.kmscl@kerala.gov.in, website :www.kmscl.kerala.gov.in

No.KMSCL/HR/315/2021 **Date : 04.07.2025**

വെയർഹൗസ് മാനേജർ (ഡെപ്യൂട്ടേഷൻ) നിയമനം

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ വെയർഹൗസ് മാനേജർ തസ്തികയിലേയ്ക്കു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സർക്കാർ ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്–1 / ഫാർമസിസ്റ്റ് ഗ്രേഡ് –2 തസ്തികകളിലോ സമാന തസ്തികകളിലോ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും കെ.എസ്.ആർ. ചട്ടം 144 പ്രകാരമുള്ള അപേക്ഷ ക്ഷണിക്കുന്നു. അവസാന തീയതി 31/07/2025.

**അപേക്ഷ സമർപ്പിക്കുന്നവർ വകുപ്പ് തല NOC ലഭിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.*

ഒപ്പ്/- മാനേജിംഗ് ഡയറക്ടർ

കേരള ഗ്രാമീൺ ബാങ്ക്
Kerala Gramin Bank
(A Government owned scheduled bank sponsored by Canara bank)
Ph: 0483-2734847, 2733507

KGB Kerala's own Bank

കെട്ടിടം വാടകയ്ക്ക് ആവശ്യമുണ്ട്

താഴെ പറഞ്ഞ സ്ഥലത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബാങ്കിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ വാണിജ്യ ആവിശ്യത്തിനുള്ള കെട്ടിടം വാടകയ്ക്ക് ആവശ്യമുണ്ട്.

ക്രമ. നം.	ജില്ല	വില്ലേജ്	ശാഖ	ബന്ധപ്പെടേണ്ട നമ്പർ
1	കാസറഗോഡ്	എടനാട്	പുത്തിഗെ	9400999417, 9400999395
2	കാസറഗോഡ്	തെക്കിൽ	ചട്ടഞ്ചാൽ	9400999693, 9400999395
3	കാസറഗോഡ്	പിലിക്കോട്	കാലിക്കടവ്	9400999661, 9400999395
4	കണ്ണൂർ	വയക്കര	ചെറുപുഴ	9400999599, 9400999394
5	കോഴിക്കോട്	പന്തലായനി	കൊയിലാണ്ടി	9400999200, 9400999396
6	കോഴിക്കോട്	ചേമഞ്ചേരി	തിരുവങ്ങൂർ	9400999161, 9400999396
7	കോഴിക്കോട്	തലക്കളത്തൂർ	പുറക്കാട്ടിരി	9400999224, 9400999396
8	വയനാട്	തൃശ്ശിലേരി	കാർത്തികുളം	9400999404, 9400999393
9	മലപ്പുറം	കാട്ടിപ്പരുത്തി	വളാഞ്ചേരി	9400999254, 9400999756
10	മലപ്പുറം	തിരൂർ	തിരൂർ	9400999253, 9400999397
11	തൃശൂർ	തൃശൂർ	തൃശൂർ മെയിൻ	9400999261, 9400999400
12	തൃശൂർ	ഇല്ലൂർ	കുട്ടനല്ലൂർ	9400999321, 9400999400
13	തൃശൂർ	കൈപ്പറമ്പ്	കൈപ്പറമ്പ്	9400999628, 9400999400
14	തൃശൂർ	വടക്കാഞ്ചേരി	വടക്കാഞ്ചേരി	9400999286, 9400999400
15	തൃശൂർ	നാട്ടിക	തൃപ്രയാർ	9400999282, 9400999400
16	കോട്ടയം	വാകത്താനം	വാകത്താനം	9400999614, 9400999660
17	ആലപ്പുഴ	ചെറുതന	ചെറുതന	9400999588, 9400999392
18	പത്തനംതിട്ട	കിടങ്ങന്നൂർ	കിടങ്ങന്നൂർ	9400999358, 9400999755
19	കൊല്ലം	എളമ്പള്ളൂർ	കുണ്ടറ	9400999574, 9400999755
20	തിരുവനന്തപുരം	പട്ടം	പട്ടം	9400999673, 9400999399
21	തിരുവനന്തപുരം	ബാധകമല്ല	റീജിയണൽ ഓഫീസ് തിരുവനന്തപുരം (3000–4000 ചതുഃ അടി)	9400999966, 9400999399

വൈദ്യുതി, വെള്ളം, പാർക്കിങ് സൗകര്യമുള്ള കെട്ടിടങ്ങൾ (ഉദ്ദേശം 1300–1400 ചതുഃ അടി), പ്രത്യേക്ഷിക്കുന്നു. താഴത്തെ നിലയിലുള്ള കെട്ടിടങ്ങൾക്ക് മുൻഗണന. വാടക, ലൊക്കേഷൻ പ്ലാൻ,